ഡോ. കെ. ടി. ജലീൽ
തദ്ദേശസ്വയംഭരണം, ന്യൂനപക്ഷക്ഷേമം
വഖഫ് & ഹജ്ജ് വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം
തീയതി 26.02.2018

OFFICE OF THE DIRECTORATE OF URBAN AFFAIRS
28 FEB 2018

No. 179/18/MLSGD

## കുറിപ്പ്

2018-19 വാർഷിക പദ്ധതി രൂപീകരണനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ചുവരികയാണല്ലോ. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയും സബ് സിഡി നിബന്ധനകളും ഇതിനോടകം തയ്യാറാക്കി നല്കപ്പെട്ടിട്ടുണ്ട്. പ്രത്യേക പരിഗണന നല്കേണ്ടുന്ന കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റേഴ്സ് എന്നിവരുടെ വികസനത്തിന് 5 ശതമാനം തുകയും വയോജനക്ഷേമത്തിനും പാലിയേറ്റീവ് കെയർ പരിചരണത്തിനും 5 ശതമാനം തുകയും നീക്കിവെയ്ക്കേണ്ടതായിട്ടുണ്ട്. ചില തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പുതിയ പദ്ധതി രൂപീകരിക്കുമ്പോൾ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ മുഴുവൻ അർഹരായ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തണം. അംഗപരിമിതർക്കുള്ള സ്കോളർഷിപ്പ് പോലുള്ള കാര്യങ്ങളിലും ബഡ്സ് ബി.ആർ.സികൾക്കുള്ള സഹായപദ്ധതികളും നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുവാൻ പാടില്ല. ഇക്കാര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശനമായ നിർദ്ദേശം നൽകുവാൻ താല്പര്യപ്പെടുന്നു.

DC4

3.3.18

ഡോ. കെ.ടി. ജലീൽ

To

**പഞ്ചായത്ത് ഡയറക്ടർ**

**നഗരകാര്യഡയറക്ടർ**

**ഗ്രാമവികസന കമ്മീഷണർ**

Web-site

ഓഫീസ് : നാലാം നില, റൂം നമ്പർ 401, സെക്രട്ടേറിയറ്റ് അനക്സ്
തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327895, 0471-2327796 വസതി : 0471-2720451, 0471-2723181

Scanned by CamScanner